# സ്ത്രീശാക്തീകരണത്തിന് പ്രസക്തി വർധിക്കുന്നു

**തദ്ദേശ** സ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പത് ശതമാനം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യുന്ന നിയമം പ്രാബല്യത്തിൽ വന്നതോടെ രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ സ്ത്രീപങ്കാളിത്തത്തിന് പ്രസക്തി ഏറിയിരിക്കുകയാണ്. ഈ നിയമം അതിന്റെ പൂർണമായ അർഥത്തിൽ നടപ്പിലായാൽ സമീപഭാവിയിൽ പുതിയൊരു സാമൂഹിക പരിഷ്കരണത്തിന് അത് കളമൊരുക്കും. ഭരണത്തിലെ പങ്കാളിത്തം എന്നതിലുപരി സമൂഹഘടനയുടെ പുനഃസ്ഥാപനത്തിൽ വഴിത്തിരിവാകുകയും ചെയ്യും.

പുരുഷ മേധാവിത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹിക ഘടനയാണ് ഇന്ന് ഒട്ടുമിക്ക രാഷ്ട്രങ്ങളിലും ജന സമുദായങ്ങളിലും കാണുന്നത്. മതങ്ങളും ദർശനങ്ങളും സ്ത്രീക്ക് ഉന്നത സ്ഥാനവും സ്വാതന്ത്ര്യവും നൽകുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇന്നും വിധേയത്വ ജീവിതമാണ് സ്ത്രീകൾക്ക് വിധിക്കപ്പെട്ടിരിക്കുന്നത്. സ്വന്തമായ ജീവിതരീതി രൂപപ്പെടുത്താൻ അവർക്ക് കഴിയുന്നില്ല. പിതാവിന്റെ/ഭർത്താവിന്റെ/ മക്കളുടെ ഇംഗിതത്തിനും താൽപര്യത്തിനുമനുസരിച്ച് മാത്രമേ സ്ത്രീക്ക് ജീവിക്കാൻ കഴിയുന്നുള്ളൂ. ചില സമൂഹങ്ങളിലും ചില ഘട്ടങ്ങളിലും ഇത്തരം വിധേയത്വം അടിമത്തത്തോളം ചെന്നെത്തുന്നു. ഇതിനുമപ്പുറമാണ് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ആചാര സമ്പ്രദായങ്ങളും സ്ത്രീകളുടെ മേൽ പിടിമുറുക്കുന്നത്. പുരുഷമേധാവിത്വം വരക്കുന്ന അതിരുകൾക്കപ്പുറം ചലിക്കാൻ ഇന്നത്തെ സ്ത്രീക്ക് സ്വാതന്ത്ര്യമില്ല. ഇനി സന്ദർഭവശാൽ ആരെങ്കിലും ഈ വരക്കപ്പുറം കടന്നാൽ അവളുടെ മേൽ ഭ്രഷ്ട് കൽപിക്കുന്ന സമൂഹമാണെവിടെയും.

ഈ പശ്ചാത്തലത്തിലാണ് ഭരണ-രാഷ്ട്രീയ രംഗത്തേക്ക് സ്ത്രീ എടുത്തു ചാടാൻ പോകുന്നത്. സ്വാഭാവികമായും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചൊല്ലിനും ചൊൽപ്പടിക്കും വിധേയമായി മാത്രമേ അവിടെയും സ്ത്രീക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾതന്നെ വനിതകൾ പ്രസിഡന്റും ചെയർപേഴ്സണും ഒക്കെയായുള്ള പല പഞ്ചായത്തുകളിലും ഇവർ കേവലം റബർ സ്റ്റാമ്പുകളായി മാറുകയാണ്. ഈ വിധേയത്വമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീക്ക് വിധിച്ചതെങ്കിൽ മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായി മാറുകയായിരിക്കും ഫലം.

രാഷ്ട്രീയ പാർട്ടികൾക്കും മത, സാമുദായിക സംഘടനകൾക്കും ഈ രംഗത്ത് വളരെയധികം പ്രവർത്തിക്കാനുണ്ട്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് സ്ത്രീകൾ വളരണം. നിരന്തരമായ പരിശീലനവും അധ്വാനവും കൊണ്ടു മാത്രമേ ഇത് നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. വൈജ്ഞാനിക വളർച്ചയും സ്വതന്ത്ര ചിന്തയും ആദർശാടിത്തറയും കൈമുതലായുള്ള ഒരു സ്ത്രീ സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ മതസംഘടനകൾക്കും സാമൂഹിക പ്രസ്ഥാനങ്ങൾക്കും വലിയ പങ്കുവഹിക്കാൻ കഴിയും.

**പി.എ.എം അബ്ദുൽ ഖാദർ തിരൂർക്കാട്**

# മാസപ്പിറവിയും മുസ്‌ലിം ഐക്യവും

**വിശുദ്ധ** ഖുർആൻ മൂസാ(അ)യുടെ ചരിത്രത്തിലെ ഒരു സംഭവം വിവരിക്കുന്നു. അദ്ദേഹം ത്വൂരിസീനയിലേക്ക് പോയ ഇടവേളയിൽ തന്റെ പ്രതിനിധിയായി സഹോദരൻ ഹാറൂനി(അ)നെ നിയോഗിച്ചു. ഇതിനിടെ സാമിരിയുടെ ഉപജാപത്തിൽ കുടുങ്ങിയ ഒരു വിഭാഗം ഒരു പശുക്കുട്ടിയുടെ രൂപമുണ്ടാക്കി പൂജിക്കാൻ തുടങ്ങി. തിരിച്ചുവന്ന മൂസാ നബി ചോദിച്ചു: "ഹാറൂനേ, ഇവർ പിഴച്ചുപോകുന്നത് കണ്ടപ്പോൾ, എന്നെ പിന്തുടരുന്നതിൽനിന്ന് നിന്നെ തടഞ്ഞതെന്ത്? നീ എന്റെ കൽപന ധിക്കരിക്കുകയായിരുന്നോ?"

ഹാറൂന്റെ മറുപടി: "എന്റെ മാതാവിന്റെ മകനേ, നീയെന്റെ താടിയും തലമുടിയും പിടിച്ചുവലിക്കല്ലേ, 'ഇസ്രാഈൽ മക്കളിൽ നീ ഭിന്നിപ്പുണ്ടാക്കി, എന്റെ വാക്കിന് കാത്തിരുന്നില്ല' എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെട്ടു."

അല്ലാഹുവിന്റെയടുത്ത് കൊടിയ പാപമാണ് ശിർക്ക്. ഇസ്രാഈല്യർ ആ കൊടിയ പാപം ചെയ്യുന്നത് കണ്ടിട്ടും അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കാതെ, മൂസായുടെ തിരിച്ചുവരവ് കാത്തിരുന്ന ഹാറൂന്റെ നടപടി മൂസാ നബി അംഗീകരിക്കുകയായിരുന്നു. ഇക്കാര്യം ഉദ്ധരിച്ച ഖുർആനും ആ നടപടിയെ വിമർശിച്ചില്ല. സത്യത്തിൽ അടിയുറച്ചുനിന്ന ഒരു വിഭാഗത്തെ ഉപയോഗപ്പെടുത്തി കൈകൊണ്ട് തടയാൻ പറ്റുമായിരുന്നിട്ടും ഉപദേശങ്ങളും അധ്യാപനങ്ങളും കൊണ്ട് തടയാനേ ഹാറൂൻ ശ്രമിച്ചുള്ളൂ. സ്വന്തം അനുയായികളിലെ ഭിന്നിപ്പിനെക്കുറിച്ച ആധിയായിരുന്നു കാരണം.

ഈയടുത്ത കാലത്തായി കേരളത്തിലെ മുസ്‌ലിം സമൂഹം സംഘടനാ ഭിന്നിപ്പുകൾ മറന്ന് ഒരേ ദിവസം നോമ്പെടുക്കുകയും പെരുന്നാളാഘോഷിക്കുകയും ചെയ്തുവരുന്നത് ശുഭോദർക്കമാണ്. എന്നാൽ ഒരു ചെറിയ വിഭാഗം മാസപ്പിറവി കാണുകയെന്ന ഉപാധി സ്വീകരിക്കാതെ, ആഗോളതലത്തിൽ ന്യൂമൂൺ ഉണ്ടാവുമെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ ദിവസങ്ങളുടെ വ്യത്യാസത്തിൽ നോമ്പും പെരുന്നാളും ഉറപ്പിക്കുന്നു. സമുദായത്തിന്റെ ഐക്യത്തിന് പുല്ലുവില കൽപിക്കുന്ന ഈ രീതി ശരിയാണെന്ന് തോന്നുന്നില്ല; സമൂഹത്തോടൊപ്പം പെരുന്നാൾ ആഘോഷിക്കാനാണ് പ്രവാചക കൽപനയെന്നിരിക്കെ വിശേഷിച്ചും.

'ഫിജിയിലോ എൽസാൽവദോറിലോ മാസപ്പിറവി ഉണ്ടായിട്ടും നീയെന്തുകൊണ്ട് നോമ്പെടുത്തില്ല എന്ന് അല്ലാഹു കേരളീയനോട് ചോദിക്കുമെന്ന് തോന്നുന്നില്ല. സമുദായത്തിലെ ഭൂരിപക്ഷം ഇക്കാര്യത്തിൽ യോജിക്കുംവരെയെങ്കിലും ഐക്യത്തിന് തുരങ്കംവെക്കാതെ സ്റ്റാറ്റസ്കോ നിലനിർത്തുകയല്ലേ നല്ലത്?

**അബ്ദുർറഹ്മാൻ കൊടിയത്തൂർ**

# ഫിത്വ്ർ സകാത്ത് / സകാത്ത് വിതരണം

**ഫിത്വ്ർ** സകാത്ത് ശേഖരണവും വിതരണവും സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നുകഴിഞ്ഞു. ഇപ്പോഴും അവ്യക്തത തുടരുകതന്നെയാണ്. പരിശുദ്ധ മാസത്തിലും പെരുന്നാൾ ദിനത്തിലും സഞ്ചി തൂക്കിയുള്ള മുസ്‌ലിം സ്ത്രീകളുടെ ബാഹുല്യം കാണുമ്പോൾ ലജ്ജ തോന്നുന്നു. ഇതിന് ഒരു പരിധിവരെ ഉത്തരവാദികൾ മുസ്‌ലിം യാഥാസ്ഥിതിക വിഭാഗത്തിലെ പണ്ഡിതന്മാരാണെന്ന് പറയാതിരിക്കാൻ വയ്യ. യാചന അങ്ങേയറ്റം വെറുത്ത നബി(സ)യുടെ അനുയായികളെന്നവകാശപ്പെടുന്ന സമുദായ നേതൃത്വം ഈ യാചന ഇല്ലാതാക്കാൻ മുന്നിട്ടിറങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇസ്‌ലാമിക ഭരണമില്ലാത്തതിനാൽ ഫിത്വ്ർ സകാത്ത് ശേഖരിച്ച് വിതരണം ചെയ്യൽ തെറ്റാണെന്നും അതിനാൽ സകാത്ത് ജോലിക്കാരെന്ന വിഭാഗത്തിന് കൊടുക്കേണ്ടതില്ലെന്നുമാണ് ഒരു റമദാൻ പ്രഭാഷണത്തിൽ കേട്ടത്.

മഹല്ല് കമ്മിറ്റിയും സംവിധാനവും ഇസ്‌ലാമിക ഭരണമല്ലേ? മഹല്ല് കമ്മിറ്റികൾ നടത്തുന്നത് ഇസ്‌ലാമിക ഭരണമല്ലെങ്കിൽ മഹല്ല് നിവാസികളുടെ വിവാഹനിശ്ചയം, നിക്കാഹ് എന്നിവ നടത്താനും അതിന് പ്രത്യേക ഫീസ് നിശ്ചയിക്കാനും, വരിസംഖ്യ കൊടുക്കാതിരിക്കുക പോലുള്ള മഹല്ല് വിരുദ്ധ

പ്രവൃത്തികൾ ചെയ്താൽ മഹല്ലിൽനിന്ന് പുറത്താക്കാനും മറ്റും ഇവർക്കാരാണധികാരം നൽകിയത്? വഖ്ഫ് ബോർഡ് എന്ന ഗവൺമെന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാത്ത ഒരു മഹല്ല് കമ്മിറ്റിയും ഉണ്ടായിരിക്കുകയില്ലല്ലോ. അപ്പോൾ വഖ്ഫ് ബോർഡിന് മുസ്‌ലിംകളുടെ മേൽ ഒരു അധികാരം ഉണ്ടാവുന്നില്ലേ? സകാത്ത്, ഫിത്വ്ർ സകാത്ത് മുതലായവയുടെ ശേഖരണവും വിതരണവും കേന്ദ്ര സ്ഥാപനത്തിന്റെ അനുമതിയോടെ മഹല്ല് കമ്മിറ്റികളെ അധികാരപ്പെടുത്തി ആ കമ്മിറ്റിയിൽ ഇതിന് ഒരു ഉപസമിതിയെ തെരഞ്ഞെടുത്ത് ഈ പ്രക്രിയകൾ ഇസ്‌ലാമികമായ രീതിയിൽ കൈകാര്യം ചെയ്യാമല്ലോ. വീട് വീടാന്തരം കയറിയിറങ്ങി പലവിധ അരികൾ പല സഞ്ചികളിലാക്കി പെരുന്നാൾ രാവിൽ യാചനക്കിറങ്ങുന്ന ഏർപാട് നിർത്തൽ ചെയ്തുകൂടേ? അതത് കാലത്തെ അരിവില കണക്കിലെടുത്ത് വില നിശ്ചയിച്ച് ശേഖരിച്ച് ഒരേ ക്വാളിറ്റി അരി വാങ്ങി അർഹതപ്പെട്ടവരുടെ ലിസ്റ്റുണ്ടാക്കി അവരുടെ വീടുകളിലെത്തിക്കുന്നതല്ലേ മാന്യമായ രീതി.

സകാത്ത് വിതരണവും ഇതേ രീതിയിൽ സുഗമമായി നടത്താവുന്നതാണ്. മഹല്ല് പരിധിയിൽ സകാത്ത് നൽകാൻ ബാധ്യസ്ഥരായവരുടെ ലിസ്റ്റുണ്ടാക്കി അധികാരപ്പെടുത്തിയ കമ്മിറ്റി പ്രതിനിധികൾ ചെന്ന് അവ ശേഖരിച്ച് അർഹരായ പാവപ്പെട്ടവരുടെ ലിസ്റ്റ് പ്രകാരം വിതരണം ചെയ്യാം. ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ പാടുപെടുന്നവരെ പ്രത്യേകം തിരിച്ച് അവർക്ക് ഒന്നോ രണ്ടോ വർഷം കൊണ്ട് സ്വയംപര്യാപ്തത നേടാൻ ഉതകുന്ന കൊച്ചു സംരംഭങ്ങൾക്ക് സകാത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയാൽ കുറഞ്ഞ വർഷം കൊണ്ടു തന്നെ മഹല്ലിലെ ദാരിദ്ര്യ നിർമാർജനം സാധ്യമാകും.

**കുഞ്ഞബ്ദുല്ല കോറോത്ത്**

# സ്വവർഗരതിയുടെ 'മതം'

**പ്രകൃതിക്ക്** ചില താളങ്ങളും ചിട്ടകളുമുണ്ട്. ജീവജാലങ്ങളിൽ അത് വ്യത്യസ്തപ്പെട്ടിരിക്കുന്നു. 'ഇണ' എന്നത് എല്ലാ കാലങ്ങളിലും മനുഷ്യൻ സനാതന മൂല്യമായി കൊണ്ടു നടന്നിരുന്നു. ചില മസ്തിഷ്ക രോഗികൾ വ്യഭിചാരത്തെ ന്യായീകരിക്കാൻ പ്രകൃതിയിലെ മറ്റു ജീവജാലങ്ങളിലേക്ക് വിരൽചൂണ്ടുന്നു. കൃത്യമായി ഇണകളില്ലാതെ, സുരക്ഷിതമായ കുടുംബമില്ലാതെ ഇഷ്ടപ്പെട്ട എതിർലിംഗവുമായി ഇണചേർന്നു അവ ജീവിക്കുന്നു. ചിലപ്പോൾ ഇതേ വാദക്കാർ നാളെ വേറെ ചില വിചിത്ര വാദങ്ങളുമായി രംഗത്തു വന്നേക്കാം. പ്രകൃതിയിലേതെങ്കിലും ജീവജാലം നഗ്നത മറക്കുന്നുണ്ടോ? അവയുടെ മുന്നിൽ അമ്മയും അഛനും മകനും മകളും സഹോദരനും സഹോദരിയുമെല്ലാം രതിസുഖം അനുഭവിക്കാനുള്ള ഇണകൾ മാത്രമല്ലേ? ഇങ്ങനെ അന്ധമായി പ്രകൃതിയെ അനുകരിക്കാൻ എന്ന മറയിൽ അധാർമികതക്ക് ശ്രമിക്കുന്ന മനോരോഗികൾ ഒരു ഭാഗത്ത്; ജീവജാലങ്ങളിലൊന്നും ഒരു കാലത്തും കേട്ടുകേൾവി പോലുമില്ലാത്ത സ്വവർഗരതിയുടെ അപ്പോസ്തലരായി വേറൊരു കൂട്ടർ മറുഭാഗത്ത്. ഭൂമിയിലെ ഒരു ജീവിയും ഒരേ ലിംഗത്തിൽപെട്ടവയുമായോ ഇതര ജീവിവർഗവുമായോ ഇണചേരുന്നവയല്ല. നാളെ മൃഗങ്ങളുമായി ഇണചേരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഒരു ന്യൂനപക്ഷം രംഗത്ത് വന്നാൽ ഇന്ത്യൻ ശിക്ഷാ നിയമം 21-ാംവകുപ്പ് നാം എന്തു ചെയ്യും?

കോടതി അന്വേഷിച്ചത് മതം പറയുന്നതല്ല, ശാസ്ത്രം പറയുന്നതെന്ത് എന്താണ്. മതം പറയുന്നത് രതിയെക്കുറിച്ച് മാത്രമല്ല, അതിന് മുമ്പും പിമ്പും എന്ത് എന്നുകൂടിയാണ്. അവിടെയാണ് ശാസ്ത്രത്തിന് ഉത്തരം മുട്ടുന്നത്. മാതാവുമായോ പിതാവുമായോ മകളുമായോ മകനുമായോ സഹോദരനുമായോ സഹോദരിയുമായോ രതിയിലേർപ്പെടാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഒരു വിഭാഗം കോടതിയെ സമീപിച്ചാൽ കോടതി സനാതന മൂല്യങ്ങൾ തെരയുമോ? ഇന്ത്യൻ ശിക്ഷാ നിയമം ശാസ്ത്രം നോക്കി നിർമിക്കപ്പെട്ടവയാണ് എന്ന വാദം വിചിത്രംതന്നെ. ഇന്ത്യൻ ശിക്ഷാ നിയമം 377-ാം വകുപ്പും 21-ാം വകുപ്പും തമ്മിൽ ഇത്ര വൈരുധ്യത്തോടെ എങ്ങനെ ഇത്രകാലം നിലനിന്നു? 'നിയമം' വിധിക്കേണ്ടവർ അതിന്റെ പണിയെടുക്കാതെ നിയമം നിർമിക്കാൻ ശ്രമിച്ചപ്പോഴാണ് 'ശാസ്ത്രം' നിയമനിർമാണത്തിന്റെ മൂലശില ആയിപ്പോയത്. ഇനി ശാസ്ത്രം തെരഞ്ഞാലും വ്യഭിചാരവും സ്വവർഗരതിയും മഹാരോഗങ്ങളിലേക്കുള്ള വാതായനങ്ങളാണെന്നാണ് ഭൂരിപക്ഷ അഭിപ്രായം.

സ്വവർഗാനുരാഗം ജനിതകമോ ഹോർമോണിക്കലോ ആയ തകരാറാണെന്ന് പൂർണമായും തെളിയിക്കപ്പെട്ടതല്ല. ഇത്തരം മനോവൈകല്യമുള്ളവർ ഒന്നിച്ചു ജീവിക്കുന്നതല്ലേ നല്ലതെന്ന ചോദ്യം പ്രസക്തമാണോ? ലൈംഗിക മനോവൈകല്യങ്ങൾ വേറെയും ഒരുപാടുണ്ട്. കുട്ടികളോട് അഭിനിവേശമുള്ളവർ, രക്തബന്ധുക്കളെ തിരിച്ചറിയാൻ കഴിയാത്തവർ, മൃഗഭോഗികൾ, സ്വയംഭോഗികൾ, ശവഭോഗികൾ തുടങ്ങി ഒരുപാട്. ഇവരെയൊക്കെ ഇവരുടെ രീതിയിൽ വിടുകയാണോ വേണ്ടത്? മന്ദബുദ്ധികളും മാനസിക രോഗികളും ഒന്നിച്ച് താമസിച്ചാൽ അവരുടെ പ്രശ്നം തീരുമോ? ചുരുക്കത്തിൽ മനസ്സിനെ ചികിത്സിക്കേണ്ട ഈ അപൂർവ രോഗം ചികിത്സിച്ച് മാറ്റാതെ നിയമസഹായത്തോടെ സാമൂഹികവത്കരിക്കാൻ ശ്രമിച്ചാൽ അനന്തരഫലം ഗുരുതരമായിരിക്കും. ഒരുപക്ഷേ ഇങ്ങനെയാകുമോ മനുഷ്യന്റെ വംശനാശം?

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**
farookusman@gmail.com